## മധുരമായ കുട്ടികളേ - നിങ്ങൾ കുട്ടികൾക്ക് ഒരു പ്രകാരത്തിലുമുള്ള ആസക്തി ഉണ്ടാകരുത്, ആരോടും ഒന്നും യാചിക്കരുത്, എന്തുകൊണ്ടെന്നാൽ ദാതാവിന്റെ കുട്ടികളായ നിങ്ങൾ സർവ്വർക്കും കൊടുക്കുന്നവരാണ്.

**ചോദ്യം:-** നിങ്ങൾ ഈശ്വരീയ വിദ്യാർത്ഥികളാണ്, നിങ്ങളുടെ ലക്ഷ്യം എന്താണ്, എന്താണ് അല്ലാത്തത്?
**ഉത്തരം:-** നിങ്ങളുടെ ലക്ഷ്യമാണ് - ബാബയിലൂടെ പ്രാപ്തമാകുന്ന ജ്ഞാനത്തെ, ധാരണ ചെയ്യുക, പദവിയോടു കൂടി വിജയിക്കുക. ബാക്കി അത് വേണം, ഇത് വേണം. ഇങ്ങനെയുള്ള ഇച്ഛകൾ വെക്കുന്നതല്ല നിങ്ങളുടെ ലക്ഷ്യം. നിങ്ങൾ ഒരു മനുഷ്യരുടേയും കൂടെ കൊടുക്കൽ വാങ്ങൽ ചെയ്ത് കർമ്മകണക്ക് ഉണ്ടാക്കരുത്. ബാബയുടെ ഓർമ്മയിൽ ഇരുന്ന് കർമ്മാതീതമാകുന്നതിനുള്ള പുരുഷാർത്ഥം ചെയ്യൂ.

**ഗീതം:-** കുട്ടിക്കാലത്തിലെ ദിനങ്ങൾ മറക്കരുത്....

**ഓം ശാന്തി.** കുട്ടികൾക്ക് അറിയാം ഇത് ആത്മീയ അച്ഛനും കുട്ടികളും തമ്മിലുള്ള സംബന്ധമാണ്. ഇവിടെ ആത്മീയ അച്ഛനും കുട്ടികളുമാണ് ഇരിക്കുന്നത്. സന്യാസിമാർ ഉണ്ടല്ലോ - തന്റെ ആശ്രമത്തിൽ നിന്നും എവിടേക്കെങ്കിലും പോയാലും പറയാറുണ്ട് ഈ സന്യാസി അവിടെ ജീവിക്കുന്നവരാണ്. ഗീതാ ശാസ്ത്രമെല്ലാം കേൾപ്പിക്കുന്നുണ്ട്. ഇത് പുതിയ കാര്യമല്ല. ഈശ്വരൻ സർവ്വവ്യാപി ആണെന്ന് പറയുന്നതിലൂടെ മുഴുവൻ ജ്ഞാനവും ഇല്ലാതാകും. സർവ്വ ആത്മാക്കളും ഓർമ്മിക്കുന്നത് ആത്മീയ അച്ഛനെ തന്നെയാണ്. ആത്മാവ് തന്നെയാണ് പറയുന്നത് - അല്ലയോ പരംപിതാ പരമാത്മാവേ. എപ്പോഴാണോ ദുഖം വരുന്നത് അപ്പോൾ ലൗകികത്തിൽ ഉള്ളവരെ ഒന്നും പറയാറില്ല. പരിധിയില്ലാത്ത അച്ഛനെ തന്നെയാണ് ഓർമ്മിക്കാറുള്ളത്. സന്യാസിമാർ ബ്രഹ്മ തത്വത്തെയാണ് ഓർമ്മിക്കാറുള്ളത്. അവർ ബ്രഹ്മ ജ്ഞാനികളാണ്. ബാബയെ അവർ ഓർമ്മിക്കുന്നില്ല. ശിവോഹം എന്നാണ് പറയാറുള്ളത്, ഞാൻ ആത്മാവാണ് അതോടൊപ്പം പരമാത്മാവുമാണ്. പിന്നെ ബ്രഹ്മ തത്വം വസിക്കുന്നതിനുള്ള സ്ഥാനമാണല്ലോ. ഈ കാര്യങ്ങൾ തീർത്തും പുതിയതാണ്. ഈ ജ്ഞാനം പ്രായ ലോപമാകും. ഏതെല്ലാം ശാസ്ത്രങ്ങളാണോ ഉള്ളത് അതിൽ എന്റെ ജ്ഞാനമൊന്നുമില്ല. എന്റെ ജ്ഞാനം ഇല്ലാത്തതു കാരണം ഇതിനെ കുറിച്ച് നിങ്ങൾ ആരോടെങ്കിലും പറഞ്ഞാൽ അവർ ഇത് പുതിയ കാര്യമാണ് എന്ന് പറയും. നിരാകാരനായ പരമാത്മാവ് ജ്ഞാനം നൽകുകയാണ്, ഇത് അവരുടെ ബുദ്ധിയിലൊന്നും വരുകയില്ല. അവർ മനസ്സിലാക്കുന്നത് കൃഷ്ണൻ ജ്ഞാനം നൽകി എന്നാണ്. അതിനാൽ സംശയത്തിലേക്ക് വരുകയാണ്. ബാബ ഓരോ ഓരോ കാര്യവും തെളിയിച്ച് പറഞ്ഞു തരുകയാണ്. ഭക്തി മാർഗ്ഗത്തിൽ നിങ്ങൾ ഓർമ്മിച്ചിരുന്നു. എല്ലാവരും ഭക്തരാണ്, ഭഗവാൻ ഒന്നേ ഉണ്ടാവുകയുള്ളൂ. എല്ലാത്തിലും ഭഗവാനാണ് ഉള്ളത് എന്ന് പറയുന്നതിലൂടെ എല്ലാവരേയും പൂജിക്കാൻ ആരംഭിച്ചു. ആദ്യം അവ്യഭിചാരി ഒരു ശിവന്റെ ഭക്തി ഉണ്ടായിരുന്നു. പക്ഷെ അവർ എന്താണ് ചെയ്യുന്നത് എന്ന ജ്ഞാനവും അവർക്ക് ഉണ്ടായിരുന്നില്ല. ബാബ എപ്പോഴാണ് വന്നിരുന്നത് ഇതും അവർക്ക് അറിയില്ല. പക്ഷെ അത് സതോപ്രധാനമായ ഭക്തിയാണ്. പൂജ സുഖം നൽകുന്നവരുടെയാണ് ചെയ്യാറുള്ളത്. ലക്ഷ്മി നാരായണന്റെ രാജ്യത്തിലും അളവില്ലാത്ത സുഖമുണ്ടായിരുന്നു, അവർ സ്വർഗ്ഗത്തിലെ ദേവതകളായിരുന്നു. ലക്ഷ്മി നാരായണനെ സത്യയുഗത്തിലെ ആദ്യമാദ്യത്തെ മഹാരാജാവും മഹാരാജ്ഞിയുമാണെന്ന് വിശ്വസിക്കുന്നു. പക്ഷെ സത്യയുഗത്തിന്റെ ആയുസ്സിനെ കുറിച്ച് ഒന്നും അറിയുന്നില്ല. ബാബ ഓരോ കാര്യങ്ങളും കുട്ടികൾക്ക് മനസ്സിലാക്കി തരുകയാണ്. കുട്ടികളാണ് ബ്രാഹ്മണരാകുന്നത്. ഇത് പുതിയ രചനയല്ലേ. നിങ്ങൾ എല്ലാവർക്കും മനസ്സിലാക്കി കൊടുക്കണം പ്രജാപിതാ ബ്രഹ്മാവിലൂടെ പുതിയ സൃഷ്ടിയുടെ രചന ബാബ ചെയ്യുകയാണ്. ഇത് എല്ലാവരും മനസ്സിലാക്കുന്നുണ്ട്. ഇല്ലെങ്കിൽ എന്തിനാണ് പ്രജാപിതാ എന്ന് പറയുന്നത്. ഈ കാര്യങ്ങളെ നിങ്ങൾ കുട്ടികൾക്കാണ് അറിയുന്നത്, വേറെ ആർക്കും അറിയില്ല. അവർക്ക് ഈ പുതിയ പുതിയ കാര്യങ്ങൾ മനസ്സിലാവുകയില്ല. എപ്പോഴാണോ കേട്ട് കേട്ട് പക്കയായി മാറുന്നത് അപ്പോൾ മനസ്സിലാക്കുകയാണ് ഞാൻ എത്ര ഘോരമായ അന്ധകാരത്തിലായിരുന്നു. ഭഗവാനേയും അറിയുമായിരുന്നില്ല, ദേവതകളേയും അറിയുമായിരുന്നില്ല. ആരാണോ കടന്ന് പോയത്, അവരുടെ ഭക്തിയാണ് ചെയ്യാറുള്ളത്. പിന്നെ ചോദിക്കൂ പരംപിതാ പരമാത്മാവിന്റെ ജയന്തി ആഘോഷിക്കാറുണ്ടല്ലോ അവരോട് നിങ്ങൾക്ക് എന്തു സംബന്ധമാണ് ഉള്ളത്? അവർ എന്ത് ചെയ്തിട്ട് പോയവരാണ്? ഇതൊന്നും ആർക്കും പറയാൻ സാധിക്കില്ല. കൃഷ്ണൻ വെണ്ണ മോഷ്ടിച്ചു എന്നെല്ലാം പറയാറുണ്ട്, അങ്ങനെ ചെയ്ത്, ജ്ഞാനം നൽകി എന്നെല്ലാം. എത്ര അപവാദങ്ങളാണ് ഉള്ളത്. ദാതാവ് ഒരു ഈശ്വരനാണ്. കൃഷ്ണനെ ദാതാവ് എന്ന് പറയാറില്ല. അവർ സംശയത്തിലാണ്. ഇത് എല്ലാം ഡ്രാമയിൽ അടങ്ങിയതാണ്. ബാബ എത്ര നല്ല രീതിയിലാണ് മനസ്സിലാക്കി

തരുന്നത്. സാരാംശമായി കുറച്ച് പോലും മനുഷ്യരുടെ ബുദ്ധിയിൽ ഇരിക്കുന്നില്ല. അഥവാ ഓരോരുത്തരുടേയും 84 ജന്മങ്ങളുടെ കാര്യം എഴുതിയാൽ അത് കൂടുതലുണ്ടാകും. ബാബ പറയുകയാണ് ഈ കാര്യങ്ങളെ എല്ലാം ഉപേക്ഷിച്ച് എന്നെ മാത്രം ഓർമ്മിക്കൂ. കുറച്ച് വിസ്താരത്തിൽ മനസ്സിലാക്കി തരുന്നുണ്ട് അപ്പോൾ അതിലൂടെ മനുഷ്യരുടെ സംശയവും ഇല്ലാതാകും. ബാക്കി കാര്യങ്ങൾ കുറച്ചെ ഉള്ളൂ. എന്നെ ഓർമ്മിക്കൂ. ഏതുപോലെയാണ് ഈശ്വരനെ ഓർമ്മിക്കാൻ മന്ത്രം കൊടുക്കാറുണ്ട് പക്ഷെ അവർ ഇങ്ങനെ പറയില്ല ഈശ്വരനെ ഓർമ്മിക്കുന്നതിലൂടെ നിങ്ങളുടെ വികർമ്മം വിനാശമാവുകയും നിങ്ങൾ ഈശ്വരന്റെ അടുത്തേക്ക് പോവുകയും ചെയ്യും. ഇത് ബാബയാണ് മനസ്സിലാക്കി തരുന്നത് ഗംഗാ സ്നാനത്തിലൂടെയൊന്നും വികർമ്മം വിനാശമാകില്ല. ഈ സമയത്ത് ഓരോരുത്തരിലും വളരെയധികം വികർമ്മത്തിന്റെ ഭാരമുണ്ട്. കുറച്ച് സുകർമ്മവും ബാക്കി ജന്മജന്മാന്തരങ്ങളിലെ ധാരാളം വികർമ്മവും ഉണ്ട്. എത്രയധികം ജ്ഞാനത്തിലും യോഗത്തിലും കഴിയുന്നുണ്ട് എന്നാൽ വികർമ്മം കൂടുതലായതു കൊണ്ട് അതിൽ നിന്നും മുക്തമാകാൻ സാധിക്കുന്നില്ല. പിന്നെ നിങ്ങൾ എപ്പോഴാണോ കർമ്മാതീതമാകുന്നത് അപ്പോൾ പുതിയ ലോകത്തിൽ പുതിയ ജന്മം ലഭിക്കും. അഥവാ ഏതെങ്കിലും വികർമ്മം ഉണ്ടെങ്കിൽ വീണ്ടും പഴയ ലോകത്തിൽ അടുത്ത ജന്മം എടുക്കേണ്ടി വരും. കുട്ടികൾക്ക് നല്ല ജ്ഞാനം ലഭിക്കുന്നുണ്ട്. ബാബ പറയുന്നുണ്ട് വേറെ ഒന്നും മനസ്സിലാകുന്നില്ലെങ്കിലും ബാബയുടെ ഓർമ്മയിൽ ഇരിക്കണം ഇതിലൂടെയും സെക്കന്റിൽ സ്വർഗ്ഗത്തിന്റെ ചക്രവർത്തി പദവി ലഭിക്കും. ഒരു കഥയും ഉണ്ട് – ഈശ്വരനാകുന്ന സുഹൃത്തിനെ കുറിച്ച്. ഒരു ദിവസത്തേക്കു വേണ്ടി ചക്രവർത്തി പദവി നൽകി. ഇപ്പോൾ നിങ്ങൾക്ക് അറിയാം ബാബ തന്നെയാണ് മാതാവും, പിതാവും, ബന്ധുവും.... അപ്പോൾ ഈശ്വരൻ സുഹൃത്തും ആണല്ലോ. അള്ളാഹു അലാവുദീൻ, ഈശ്വനാകുന്ന കൂട്ടുകാരൻ ഇതെല്ലാം ഈ സമയത്തെ കാര്യങ്ങളാണ്. ബാബ ഒരു സെക്കന്റിൽ നിങ്ങൾക്ക് സ്വർഗ്ഗത്തിന്റെ ചക്രവർത്തി പദവി നൽകുകയാണ്. കുട്ടികൾ ധ്യാനത്തിലേക്കു പോകുമ്പോൾ അവിടെ രാജകുമാരനും രാജകുമാരിയുമായി കാണാറുണ്ട്, അവിടുത്തെ എല്ലാ വാർത്തകളും കേൾപ്പിക്കുമായിരുന്നു. നിങ്ങൾക്ക് ഇപ്പോൾ ബാബയെ അറിയാം. സ്വർഗ്ഗത്തിന്റെ സ്ഥാപകൻ എന്ന് എല്ലാവരും പറയാറുണ്ട്, ബാബ തീർച്ചയായും പുതിയ ലോകം സ്വർഗ്ഗത്തെ രചിക്കും. ഭാരതം സ്വർണ്ണിമ യുഗമായിരുന്നു. ആ സമയത്ത് വേറെ ഒരു ധർമ്മവും ഉണ്ടായിരുന്നില്ല. ക്രിസ്ത്യൻ ധർമ്മത്തിൽ ഉള്ളവരും പറയുന്നുണ്ട് – ക്രിസ്തുവിനു 3000 വർഷങ്ങൾക്ക് മുമ്പ് ഭാരതം സ്വർഗ്ഗമായിരുന്നു. അവിടെ ലക്ഷ്മി നാരായണനാണ് രാജ്യം ഭരിച്ചിരുന്നത് അതുകൊണ്ടാണ് അവർക്ക് ആരാണ് സമ്പത്ത് കൊടുത്തത് എന്ന ചോദിക്കുന്നത്? ഇവരുടെ കൂടെ ഭാരതവാസികൾക്ക് എന്ത് സംബന്ധമാണ് ഉള്ളത്? ആദ്യം ഇവരായിരുന്നു സ്വർഗ്ഗത്തിന്റ അധികാരികൾ. ഇപ്പോൾ നരകമാണ്, അവർ എവിടെ പോയി? ജനന മരണത്തെ അംഗീകരിക്കുന്നുണ്ട്. ആത്മാവ് ജനന മരണ ചക്രത്തിലേക്ക് വരുന്നുണ്ട് അതുകൊണ്ടാണല്ലോ 84 ജന്മങ്ങൾ എടുക്കുന്നത്. ഇല്ലെങ്കിൽ എങ്ങനെ എടുക്കും. ലോകത്തിൽ അനേകം അഭിപ്രായങ്ങളാണ് ഉള്ളത്. ചിലർ പുനർജന്മങ്ങളെ അംഗീകരിക്കുന്നുണ്ട്, ചിലർ അംഗീകരിക്കുന്നില്ല. ചോദിക്കണം പരംപിതാ പരമാത്മാവുമായി നിങ്ങൾക്ക് എന്ത് സംബന്ധണാണ് ഉള്ളത്? ഈ ബ്രഹ്മാവും വിഷ്ണുവും ശങ്കരനും ആരാണ്? എവിടെ വസിക്കുന്നവരാണ്? സൂക്ഷ്മ വതനത്തിൽ വസിക്കുന്നവരാണ് എന്ന് നിങ്ങൾ പറയും. വേറെയാർക്കും പറയാൻ സാധിക്കുകയില്ല. നിങ്ങൾക്ക് എത്ര സഹജമാണ്. അമ്മമാർക്ക് ജോലിയെ കുറിച്ചുള്ള ചിന്തയൊന്നും ഇല്ല. വീട്ടിൽ കഴിയുന്നവരാണല്ലോ. ജോലിയുടെ തിരക്കൊന്നും ഇല്ല. ബാബയിൽ നിന്നും സമ്പത്തെടുക്കണം. പുരുഷന്മാർക്ക് ചിന്ത ഉണ്ടാകും. നിങ്ങളോട് ബാബ പറയുകയാണ് നിങ്ങൾ തന്റെ പദവി നേടണം, വിശ്വത്തിന്റെ അധികാരി ആകണം. ധനവാന്മാർക്ക് എത്രയധികം ചിന്തയാണ്. ലോകത്തിലാണെങ്കിൽ എത്ര കൈക്കൂലി ഉള്ളത്. നിങ്ങൾക്ക് കൈക്കൂലി കൊടുക്കേണ്ട കാര്യമില്ല, ഇത് വ്യാപാരികളുടെ ജോലിയാണ്. നിങ്ങൾ ഇതിൽ നിന്നും മുക്തമായവരാണ്. എങ്കിലും മായ ഇങ്ങനെയാണ് അത് കുടുമിയിൽ പിടിക്കും അതിനാൽ എന്തെങ്കിലും അത്യാഗ്രഹം ഉണ്ടെങ്കിൽ പുതിയവരോട് എന്തെങ്കിലും യാചിച്ചു കൊണ്ടിരിക്കും. ബാബ പറയുകയാണ് കുട്ടികളേ ആരോടും യാചിക്കരുത്. നിങ്ങൾക്ക് എന്താണോ വേണ്ടത് അത് ശിവബാബയിലൂടെ ലഭിക്കും. അഥവാ എന്തെങ്കിലും മറ്റാരിൽ നിന്നെങ്കിലും സ്വീകരിച്ചാൽ അവരുടെ ഓർമ്മ വരും. ഓരോ വസ്തു എടുക്കുമ്പോഴും ശിവബാബയിൽ നിന്നും എടുക്കുകയാണെങ്കിൽ ഓരോ നിമിഷവും ശിവബാബയുടെ ഓർമ്മ വരും. ശിവബാബ പറയുകയാണ് നിങ്ങളുടെ കൊടുക്കലും എടുക്കലും എന്നോടൊപ്പമാണ്. ഈ ബ്രഹ്മാവ് ഇടയ്ക്ക് ദല്ലാളാണ്. നൽകുന്നവൻ ഞാനാണ്. ബ്രഹ്മാവിലൂടെ എന്റെ കൂടെ ബന്ധം വെച്ചോളൂ. ഏതെങ്കിലും വസ്തു മറ്റാരിൽ നിന്നെങ്കിലും എടുത്താൽ നിങ്ങൾക്ക് അവരുടെ ഓർമ്മ വരും അതോടൊപ്പം നിങ്ങൾ വ്യഭിചാരിയായി മാറും. ശിവബാബയുടെ ഭണ്ഡാരിയിൽ നിന്നും നിങ്ങൾ വസ്തുക്കൾ എടുത്തോളൂ, വേറെ ആരോടും യാചിക്കരുത്. ഇല്ലെങ്കിൽ നൽകുന്നവർക്ക് ബുദ്ധിമുട്ട് ഉണ്ടാകും എന്തുകൊണ്ടെന്നാൽ അവർ ശിവബാബയുടെ ഭണ്ഡാരിയിൽ അല്ല നൽകിയത്. ശിവബാബയുടെ ഭണ്ഡാരിയിൽ വേണം അത് കൊടുക്കാനും. മനുഷ്യരുടെ കൂടെ ധാരാളം സമയമായി കൊടുക്കുകയും

വാങ്ങുകയും ചെയ്തതാണ്, ഇപ്പോൾ നേരിട്ട് നിങ്ങൾക്ക് ശിവബാബയുടെ കൂടെയാണ് സംബന്ധം ഉള്ളത്. പക്ഷെ ബാബക്ക് അറിയാം കുട്ടികളിൽ അത്യാഗ്രഹത്തിന്റെ ഭൂതമുണ്ട്.

ചില കുട്ടികൾ പറയുന്നുണ്ട് ഞങ്ങൾ ശിവബാബയെ കണ്ടിട്ടില്ല. നിങ്ങൾ സ്വയത്തിലേക്ക് നോക്കുന്നുണ്ടോ? നിങ്ങൾക്ക് തന്റെ ആത്മാവിന്റെ സാക്ഷാത്കാരം കിട്ടിയിട്ടുണ്ടോ, നിങ്ങൾക്ക് ശിവബാബയുടെ സാക്ഷാത്കാരം ഉണ്ടായിട്ടുണ്ടോ? നിങ്ങൾക്ക് അറിയാം ആത്മാവ് ഭ്രുകുടിയിലാണ് വസിക്കുന്നത്. ശിവബാബയും ഭ്രുകുടിയിലാണ് വസിക്കുന്നത്. നിങ്ങൾക്ക് അറിയാം ആത്മാവ് ഒരു ശരീരം ഉപേക്ഷിച്ച് മറ്റൊന്ന് എടുക്കുന്നു.. ചില സമയങ്ങളിൽ ആത്മാവിന്റെ സാക്ഷാത്കാരവും ലഭിക്കാറുണ്ട്. ആത്മാവ് നക്ഷത്രമാണ്, ദിവ്യ ദൃഷ്ടിയിലൂടെയാണ് സാക്ഷാത്കാരവും ലഭിക്കുന്നത്. ശരി നിങ്ങൾ കൃഷ്ണന്റെ ഭക്തി ചെയ്തു, സാക്ഷാത്കാരവും ലഭിച്ചു, എന്നാലും പ്രയോജനം എന്താണ് ഉണ്ടായത്? പരമാത്മാവിന്റേയും സാക്ഷാത്കാരം ലഭിച്ചു എങ്കിലും പ്രയോജനം എന്താണ്? എങ്കിലും നിങ്ങൾക്ക് പഠിക്കുക തന്നെ വേണം. ഭക്തി മാർഗ്ഗത്തിൽ സാക്ഷാത്കാരം ലഭിച്ചാൽ എത്രയാണ് പാട്ട് പാടാറുള്ളത്. പക്ഷെ അതിലൂടെയൊന്നും ഒന്നും പ്രാപ്തമാകുന്നില്ല. ജ്ഞാന സാഗരനാണ് ശിവബാബ. ബ്രഹ്മാവിനെ ജ്ഞാന സാഗരൻ എന്ന് പറയില്ല. ശിവബാബയിൽ നിന്നാണ് ബ്രഹ്മാ ബാബക്കു പോലും ജ്ഞാനം ലഭിക്കുന്നത്. ഇന്നു കാലത്ത് ശിവലിംഗം എല്ലാവരുടേയും മുന്നിൽ വെക്കാറുണ്ട്, ഒന്നും മനസ്സിലാക്കുന്നില്ല. പൂജ ചെയ്യുന്നുണ്ട് എന്നാലും അവരുടെ ജീവ ചരിത്രം അറിയുന്നില്ല. ഈ ജ്ഞാന രത്നങ്ങളെ മനസ്സിലാക്കാൻ സാധിക്കുന്നില്ല. രത്നങ്ങൾ എടുത്തെടുത്ത് ചിലരെ മായ വാനരനാക്കി മാറ്റുന്നുണ്ട്. പറയുന്നുണ്ട് ഞങ്ങൾക്ക് രത്നം വേണ്ട എന്ന്. ബാബ മനസ്സിലാക്കി തരുകയാണ് പ്രജാ പദവിയായിരിക്കാം എങ്കിലും ശിവാലയത്തിലേക്ക് വരും. പുരുഷാർത്ഥം ചെയ്ത് ഉയർന്ന പദവി പ്രാപ്തമാക്കണം. ബാബ പറയുകയാണ് ഞാൻ വൈകുണ്ഠത്തിന്റെ ചക്രവർത്തി പദവി നൽകാൻ വന്നിരിക്കുകയാണ്, നിങ്ങൾ പുരുഷാർത്ഥം ചെയ്ത് തനിക്കു സമാനമാക്കി മാറ്റണം. പൂജാരികളോടും നിങ്ങൾ ചോദിക്കണം അവർ ആരാണ്? പറയാറില്ലേ– തീ വാങ്ങാൻ വന്ന്, ഇപ്പോൾ അധികാരി ആയി മാറി. ചില പൂജാരിമാരുടെ ബുദ്ധിയിലും നല്ല രീതിയിൽ ഇരിക്കാറുണ്ട്. നമ്മളും പൂജാരികളായിരുന്നു, ഇപ്പോൾ പൂജ്യരാവുകയാണ്. ഈ ലക്ഷ്മി നാരായണൻ ഏത് പുരുഷാർത്ഥത്തിലൂടെയാണ് അതുപോലെ ആയി തീർന്നത്, നിങ്ങൾക്ക് ഇത് മനസ്സിലാക്കി കൊടുക്കാൻ സാധിക്കും. ബാബ പറയുകയാണ് – എവിടെയെല്ലാം എന്റെ ഭക്തർ ഉണ്ടോ അവർക്ക് എല്ലാം മനസ്സിലാക്കി കൊടുക്കണം. ശിവ ക്ഷേത്രത്തിലും ലക്ഷ്മി നാരായണന്റെ ക്ഷേത്രത്തിലും ജഗദംബയുടെ ക്ഷേത്രത്തിലും പോകണം. പൂജാരിമാർക്ക് മനസ്സിലാക്കി കൊടുക്കണം – വീണ്ടും ഇത് മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കണം. പൂജാരിമാർക്ക് ജഗദംബയുടെ കർത്തവ്യത്തെ കുറിച്ച് പറഞ്ഞു കൊടുക്കൂ എങ്കിൽ അവർ വളരെ സന്തോഷിക്കും. അവരോട് ഈ കാര്യങ്ങൾ മനസ്സിലാക്കാൻ പറയൂ. ആർക്കെങ്കിലും ദേവതകളുടെ കഥ കേൾപ്പിച്ചാൽ ധാരാളം ധനം ലഭിക്കും. ആരാണോ ദേഹിഅഭിമാനി ആയിരിക്കുന്നത് അവർക്കാണ് ഇത് മനസ്സിലാക്കി കൊടുക്കാൻ സാധിക്കുക. ദേഹാഭിമാനിയാണെങ്കിൽ മുഴുവൻ ദിവസവും ഇത് വേണം, അത് വേണം, അത്യാഗ്രഹത്തിലായിരിക്കും. എനിക്ക് പദവിയോടെ വിജയി ആകണം എന്ന അത്യാഗ്രഹം കുട്ടികൾക്ക് ഉണ്ടായിരിക്കണം. ഇതാണ് പഠിപ്പിന്റെ ലക്ഷ്യം.

ഡ്രാമയുടെ രഹസ്യത്തെ മനസ്സിലാക്കണം. ഡ്രാമ വളരെ വലിയതൊന്നും അല്ല. പക്ഷെ ശാസ്ത്രങ്ങളിൽ വളരെ വലിയ ആയുസ്സാണ് കാണിച്ചിരിക്കുന്നത്. അതിനാൽ ഇതെല്ലാം ബുദ്ധിയിലേക്ക് വരണം. ധാരാളം സേവനങ്ങളുണ്ട് ആരെങ്കിലും ചെയ്ത് കാണിക്കണം. ബാബയോട് കൃപക്കു വേണ്ടി യാചിക്കരുത്. ബാബയോട് പറയുന്നുണ്ട് എനിക്ക് കുട്ടിയെ തരൂ എങ്കിൽ എന്റെ കുലത്തിന്റെ അഭിവൃദ്ധി ഉണ്ടാകും എന്ന്. അതെ ബാബ തന്റെ കുലത്തിന്റെ അഭിവൃദ്ധി ചെയ്തു കൊണ്ടിരിക്കുകയാണ്. ഈ സമയത്ത് വീണ്ടും ദേവതാ കുലത്തിന്റെ അഭിവൃദ്ധി നടക്കുകയാണ്. ഇപ്പോൾ ഈശ്വരീയ കുലത്തിന്റേയും അഭിവൃദ്ധി നടക്കുകയാണ്. നിങ്ങളും ഈശ്വരീയ സന്താനങ്ങളാണ്. അതിനാൽ ബാബ മനസ്സിലാക്കി തരുകയാണ് എല്ലാ ഇച്ഛകളേയും ഉപേക്ഷിച്ച് ഒരു ബാബയെ ഓർമ്മിക്കണം. ബന്ധനങ്ങളെല്ലാം ഉണ്ട്, ഇതെല്ലാം കർമ്മകണക്കാണ്. ബാബയെ നോക്കൂ എത്ര ബന്ധനമാണ്, എത്ര കുട്ടികളുടെ ചിന്തയുണ്ട്, എത്ര പേർ വഴക്കും കൂടുന്നുണ്ട്. എത്ര നിന്ദ ചെയ്യുന്നുണ്ട്. ഡിസർവ്വീസ് ചെയ്യാൻ സഹജമാണ്, സേവനം ചെയ്യാൻ വളരെ ബുദ്ധിമുട്ടാണ്. ഒരാൾ മോശമായാൽ 10–20 പേരെ മോശമാക്കും. ബാക്കി അഞ്ചോ എട്ടോ പേർ നില നിൽക്കും. ചില സെന്ററുകളിൽ വരുന്നുണ്ട് എന്നാൽ തന്റെ മുഖത്തെ കറുപ്പിക്കുന്നുമുണ്ട്. അങ്ങനെയുള്ള വാനരനെ പോലെയുള്ള ബുദ്ധിയുള്ളവരാണെങ്കിൽ വായുമണ്ഡലത്തെ മോശമാക്കും. അങ്ങനെയുള്ളവരെ എന്തിനാണ് ഇരുത്തിയിരിക്കുന്നത്. മുഖം കറുത്താൽ അതിന്റെ പ്രഭാവം വളരെ സമയം ഉണ്ടാകും. രജിസ്റ്ററിലൂടെ അറിയാൻ സാധിക്കും. നാലോ അഞ്ചോ വർഷത്തിനു ശേഷം വരുന്നത് നിർത്തും.

ബാബ മനസ്സിലാക്കി തരുകയാണ് ഇങ്ങനെ ചെയ്യുന്നതിലൂടെ നിങ്ങളുടെ രാജ്യ പദവി നഷ്ടപ്പെടും. ഇന്ദ്ര പ്രസ്ഥത്തിന്റെ കഥയുണ്ടല്ലോ, കല്ലായി മാറി. നിങ്ങളും കല്ലു ബുദ്ധിയായി മാറും. പവിഴമായി മാറാൻ സാധിക്കില്ല. എന്നിട്ടും പുരുഷാർത്ഥം ചെയ്യുന്നില്ല, ഇതും ഡ്രാമയിൽ അടങ്ങിയതാണ്. രാജധാനിയിൽ നമ്പർവാറാണല്ലോ. ജോലിക്കാരും, ചണ്ഡാളനും എല്ലാവരും വേണമല്ലോ. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ലൗകികത്തിലെ എല്ലാ ഇച്ഛകളേയും ഉപേക്ഷിച്ച് ഈശ്വരീയ കുലത്തിന്റെ അഭിവൃദ്ധി ചെയ്യുന്നതിൽ സഹായികളാകണം, ഒരു ഡിസർവ്വീസിന്റെ കാര്യവും ചെയ്യരുത്.

2) ഒരു ബാബയുടെ കൂടെ കൊടുക്കൽ വാങ്ങൽ നടത്തണം, ഏതെങ്കിലും ദേഹധാരിയുടെ കൂടെ ചെയ്യരുത്.

**വരദാനം:- നാലുപാടും ഇളകുന്ന സമയം അവ്യക്ത സ്ഥിതിയുടെ അഥവാ അശരീരിയാകുന്നതിന്റെ അഭ്യാസത്തിലൂടെ വിജയിയായി ഭവിക്കൂ**

അവസാന സമയത്ത് ചുറ്റുപാടും വ്യക്തികളുടെ, പ്രകൃതിയുടെ ഇളക്കങ്ങളും ശബ്ദവും ഉണ്ടാകും. നില വിളിക്കുന്നതിന്റെ, ഇളക്കുന്നതിന്റെ വായുമണ്ഢലമാകും. ഇങ്ങനെയുള്ള സമയത്തിൽ സെക്കന്റിൽ അവ്യക്ത ഫരിസ്ത, നിരാകാരീ അശരീരി ആത്മാവാണ് - ഈ അഭ്യാസം തന്നെയാണ് വിജയിയാക്കുക അതുകൊണ്ട് വളരെ സമയത്തെ അഭ്യാസമുണ്ടായിരിക്കണം അധികാരിയായി എപ്പോൾ ആഗ്രഹിക്കുന്നോ മുഖത്തിലൂടെ നാദം മുഴക്കൂ, ആഗ്രഹിക്കുമ്പോൾ കാതിലൂടെ കേൾക്കൂ, അഥവാ ആഗ്രഹിക്കുന്നില്ലെങ്കിൽ സെക്കന്റിൽ സ്റ്റോപ്പ് - ഈ അഭ്യാസം സ്മരണിയാക്കി മാറ്റുന്നു അർത്ഥം വിജയമാലയിലേക്ക് കൊണ്ടുവരുന്നു.

**സ്ലോഗൻ:- പുരുഷാർത്ഥത്തെ തീവ്രമാക്കണമെങ്കിൽ അശ്രദ്ധയുടെ ലൂസ് സ്ക്രൂവിനെ ടൈറ്റാക്കൂ**

**ലൗലീന സ്ഥിതിയുടെ അനുഭവം ചെയ്യൂ**

ആദികാലം, അമൃതവേളയിൽ തന്റെ ഹൃദയത്തിൽ പരമാത്മാ സ്നേഹത്തെ സമ്പൂർണ്ണ രൂപത്തിൽ ധാരണ ചെയ്യൂ. അഥവാ ഹൃദയത്തിൽ പരമാത്മാ സ്നേഹം, പരമാത്മാ ശക്തികൾ, പരമാത്മാ ജ്ഞാനം ഫുള്ളാണെങ്കിൽ ഒരിക്കലും ആരിലേക്കും മമത്വമോ സ്നേഹമോ പോകുകയില്ല.